K20P 0278

Reg. No.: ..............................

Name : ..................................

GOVT. BRENNEN COLLEGE
CENTRAL LIBRARY
THALASSERY

## II Semester M.A. Degree (CBSS – Supplementary) Examination, April 2020
## (2014-2017 Admissions)
## MALAYALAM LANGUAGE AND LITERATURE
## MAL 2C06 : Malayalam Grammar – Critical Study

Time : 3 Hours Max. Marks : 80

I. **രണ്ടു പുറത്തിൽ** കവിയാതെ ഉത്തരമെഴുതുക.

1) ഭാരതീയ സംസ്കൃതവ്യാകരണ പാരമ്പര്യത്തെക്കുറിച്ച് കുറിപ്പെഴുതുക.

2) വിനാമക്രിയ എന്നാൽ എന്ത് ? വിമർശനാത്മകമായി വിലയിരുത്തുക.

3) അകാരത്തിന്റെ ധ്വനിമൂല്യത്തെക്കുറിച്ചുള്ള എ. ആർ. രാജരാജവർമ്മയുടെ ചിന്തകൾ ക്രോഡീകരിക്കുക.

4) ദ്യോതകം എന്നാൽ എന്ത് ? അവയെ വർഗ്ഗീകരിക്കുന്നത് എങ്ങനെയെല്ലാം ?

5) സമുച്ചയ വികല്പങ്ങൾക്ക് ഭാഷയിലുള്ള പ്രാധാന്യമെന്ത് ? **(5×4=20)**

II. **നാലു പുറത്തിൽ** കവിയാതെ ഉത്തരമെഴുതുക.

6) എ) വിവിധതരം വ്യാകരണ പദ്ധതികൾ മലയാള പരിസരത്തിൽ പരിചയപ്പെടുത്തുക.

**അല്ലെങ്കിൽ**

ബി) എന്താണ് സവർണ്ണനം ? എങ്ങനെയെല്ലാം ? സോദാഹരണം വിവരിക്കുക.

7) എ) വ്യാകരണമിതം എന്ന കൃതിയെ പരിചയപ്പെടുത്തുക.

**അല്ലെങ്കിൽ**

ബി) മലയാളത്തിൽ പ്രകാരത്തെ പ്രത്യയാധിഷ്ഠിതമായി വർഗ്ഗീകരിക്കുന്നത് ഉചിതമോ ?

8) എ) അനുപ്രയോഗം എന്നാൽ എന്ത് ? അവയുടെ സവിശേഷതകൾ വിശദമായി ചർച്ച ചെയ്യുക.

**അല്ലെങ്കിൽ**

ബി) കേരളപാണിനീയഭാഷ്യം മുന്നോട്ടു വയ്ക്കുന്ന പ്രധാന ചിന്തകൾ ക്രോഡീകരിക്കുക.

P.T.O.

9) എ) ലീലാതിലകത്തിലെ അധികാക്ഷര ചർച്ച അവതരിപ്പിക്കുക.

**അല്ലെങ്കിൽ**

ബി) ഭാഷയിലെ പദങ്ങളെ അവയുടെ ഉല്പത്തി പ്രമാണിച്ച് ലീലാതിലകവും കേരളപാണിനീയവും വർഗ്ഗീകരിച്ചിരിക്കുന്നത് എങ്ങനെയെല്ലാം ?

10) എ) മലയാള വ്യാകരണം ക്രിയകളെ വർഗ്ഗീകരിച്ചിരിക്കുന്നത് എങ്ങനെയെല്ലാം ?

**അല്ലെങ്കിൽ**

ബി) മലയാളത്തിലെ പ്രത്യയങ്ങളെ വിതരണപരവും വ്യാകരണപരവുമായ സവിശേഷതകളുടെ അടിസ്ഥാനത്തിൽ വർഗ്ഗീകരിക്കുക. **(5×6=30)**

III. **ആറു പുറത്തിൽ** കവിയാതെ ഉത്തരമെഴുതുക.

11) എ) മലയാള വ്യാകരണ ചർച്ചകളെ കേരളപാണിനീയത്തിനു മുമ്പ്, കേരളപാണിനീയത്തിനു ശേഷം എന്ന് ഘട്ട വിഭജനം നടത്തുന്നത് യുക്തിസഹമോ ?

**അല്ലെങ്കിൽ**

ബി) അക്ഷരമാല എന്നാൽ എന്ത് ? വിവിധ വ്യാകരണ കൃതികൾ മുന്നോട്ടുവയ്ക്കുന്ന ചിന്തകൾ ക്രോഡീകരിച്ച് അവയിലെ വിഭജനമാനദണ്ഡങ്ങൾ പരിചയപ്പെടുത്തുക.

12) എ) കേരളപാണിനീയാനന്തര ഘട്ടത്തിലുണ്ടായ പ്രധാനപ്പെട്ട വ്യാകരണ കൃതികളെ പരിചയപ്പെടുത്തുക.

**അല്ലെങ്കിൽ**

ബി) കേരളപാണിനീയത്തിലെയും ലീലാതിലകത്തിലെയും സന്ധിചർച്ച താരതമ്യം ചെയ്യുക.

13) എ) മലയാള വ്യാകരണകൃതികളിലെ വാക്യവിചാര ചിന്തകൾ സംഗ്രഹിക്കുക.

**അല്ലെങ്കിൽ**

ബി) മലയാള വ്യാകരണ കൃതികളിലെ പദവർഗ്ഗീകരണം വിമർശനാത്മകമായി വിലയിരുത്തുക. **(3×10=30)**

---